പത്രക്കുറിപ്പ്
30-10-17

## ലക്ഷദ്വീപിൽ സൂഷ്മസംരംഭ വികസനത്തിന് കുടുംബശ്രീ

തിരുവനന്തപുരം: കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിൽ സാമ്പത്തിക സ്വയംപര്യാപ്തത യിലൂടെ വനിതാ ശാക്തീകരണം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കുടുംബശ്രീ തയാറെടുക്കുന്നു. ദ്വീപിൽ സുലഭമായി ലഭിക്കുന്ന തേങ്ങയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങൾ കേന്ദ്രീകരിച്ചുള്ള സൂഷ്മ സംരംഭങ്ങൾ ആരംഭിക്കാനും അത് ഫലപ്രദമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും വിദഗ്ധോപദേശവും മാർഗ്ഗനിർ ദ്ദേശവും നൽകാനായി ലക്ഷദ്വീപ് കൃഷി വകുപ്പ് കുടുംബശ്രീയുടെ സഹായം തേടുകയാ യിരുന്നു. ഇത് സംബന്ധിച്ചുള്ള പ്രാഥമിക ചർച്ചയ്ക്കായി കുടുംബശ്രീയിൽ നിന്നുള്ള പ്രതി നിധികൾ നവംബർ ആദ്യം ലക്ഷദ്വീപ് സന്ദർശിക്കും. നവംബർ മധ്യത്തോടെ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

തുടക്കത്തിൽ കവരത്തിയിലാണ് സ്ത്രീകളുടെ സൂഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നത്. ഇതി നായി അവിടെ എട്ട് പേർ അടങ്ങുന്ന 135 വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ചു കഴിഞ്ഞു. സംഘം ചേർന്നുള്ള പ്രവർത്തനങ്ങൾ, സൂഷ്മ സംരംഭങ്ങളുടെ രൂപീകരണം, അത് വിജയകരമായി മുന്നോട്ടു കൊണ്ടുപോകൽ, ഇങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ ലക്ഷദ്വീപിലെ വനിതകൾക്ക് കുടുംബശ്രീ സംഘം പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകും. സ്ത്രീ കൂട്ടായ്മകൾക്ക് സൂഷ്മ സംരംഭങ്ങൾ ആരംഭിക്കാമെന്നും അതുവഴി സാമ്പത്തിക ഉന്നമനം നേടാമെന്നതും കുടുംബശ്രീയുടെ വനിതാ സംഘങ്ങൾ വർഷങ്ങൾക്ക് മുൻപെ തെളിയിച്ചു കഴിഞ്ഞതാണ്.

നിലവിൽ കുടുംബശ്രീയുടെ കീഴിൽ മുപ്പത്തൊന്നായിരത്തോളം സൂഷ്മ സംരംഭങ്ങളുണ്ട്. അതിൽ തേങ്ങയിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ഇരുന്നോറോളം യൂണിറ്റുകളും. വെളിച്ചെണ്ണ, വിർജിൻ കോക്കനട്ട് ഓയിൽ, ചിരട്ടയിൽ നിന്നുള്ള കരകൗശല വസ്തുക്കൾ തുടങ്ങി നിരവധി ഉത്പന്നങ്ങൾ ഇത്തരത്തിലുള്ള സൂഷ്മ സംരംഭങ്ങൾ വഴി ഉത്പാദിപ്പിക്കുന്നു. കേരളത്തിന് പുറത്തേക്ക് കുടുംബശ്രീ മാതൃക പരിചയപ്പെടുത്തുന്നതിനായുള്ള പ്രത്യേക വിഭാഗമായ കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻആർഒ) ലക്ഷദ്വീപിൽ മാസങ്ങളായി പ്രവർത്തിക്കുന്നുണ്ട്. ഈ വർഷം മേയിലാണ് കുടുംബശ്രീ എൻആർഒ പ്രവർത്തനങ്ങൾ അവിടെ ആരംഭിച്ചത്. പ്രത്യേക പദ്ധതിയാണ് അവിടെ എൻആർഒ നടപ്പിലാക്കുന്നത്. ഇതിന് പുറമെയാണ് ഇപ്പോൾ സൂഷ്മ സംരംഭ വികസനത്തിനായി കുടുംബശ്രീയുടെ പ്രത്യേക സഹായം ലക്ഷദ്വീപ് കൃഷിവകുപ്പ് തേടിയിരിക്കുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ